# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1795 01..11..2019 –ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഹോസ്റ്റലുകളിലേക്കുള്ള അഡ്മിഷൻ**

ചോദ്യം

ശ്രീ. ടി.എ. അഹമ്മദ് കബീർ

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഹോസ്റ്റലുകളിൽ അഡ്മിഷൻ ലഭിക്കുന്ന രീതി വിശദമാക്കാമോ; | (എ) | സർക്കാർ ഹോസ്റ്റലുകളിൽ അഡ്മിഷൻ ലഭിക്കുന്നത് ബന്ധപ്പെട്ട കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ്. ദൂരപരിധി അനുസരിച്ചാണ് ഹോസ്റ്റലിൽ പ്രവേശനത്തിന് മുൻ–ഗണന നൽകുന്നത്. ലഭിച്ച അപേക്ഷകരിൽ ഏറ്റവും അകലെയുള്ള ആൾക്ക് ആദ്യം പ്രവേശനം എന്ന രീതിയിലാണ് അഡ്മിഷൻ നൽകുന്നത്. ഇപ്രകാരം മുൻഗണന നിശ്ചയിക്കുമ്പോൾ എസ്.സി./എസ്.റ്റി/ഒ.ഇ.സി/ പി.ഡബ്ല്യു.ഡി/ മറ്റു ജില്ലകളിലെ കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന കോളേജ് ഹോസ്റ്റലുകളിൽ താമസ സൗകര്യത്തിനായി അപേക്ഷ നൽകിയ മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകിയിട്ടുണ്ടോ; | (ബി) | ഹോസ്റ്റലുകളിൽ ഹോസ്റ്റലിന്റെ സ്ഥല സൗകര്യത്തിന്റെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നൽകുന്നത്. നില–വിൽ കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്നതും ഈ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ ഹോസ്റ്റലുകളിൽ അപേക്ഷിച്ച കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ഹോസ്റ്റലുകളിലും ഒഴിവുകൾ ഉണ്ട്. കേരള സർവ്വകലാശാലാ ഹോസ്റ്റലുകളിലേയ്ക്കുള്ള പ്രവേശനം പൂർത്തിയായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | അപേക്ഷ നൽകിയിട്ടും സീനി-യോരിറ്റി മറികടന്ന് അർഹരായ വർക്ക് ഹോസ്റ്റൽ സംവിധാനം നിഷേധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | ഹോസ്റ്റൽ പ്രവേശനത്തിന് സീനി-യോറിറ്റി മറികടന്നത് സംബന്ധിച്ച് വകുപ്പിന് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഡി) | ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുന്നതിന് ഒരു ഏകീകൃത ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഹോസ്റ്റൽ പ്രവേശനം സംബന്ധിച്ച് ഒരു ഓൺലൈൻ സംവിധാനം ഏർ-പ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ